പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2082

11.06.2018 ൽ മറുപടിക്ക്

## ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | പിണറായി വിജയൻ (മുഖ്യമന്ത്രി) |

എ) സംസ്ഥാനത്ത് ശിശുസൗഹൃദപോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പദ്ധതി വഴി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്;

ബി) കുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കൂടുതൽ ശ്രദ്ധ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനും പദ്ധതി പ്രയോജനപ്രദമാകുമെന്ന് കരുതുന്നുണ്ടോ;

സി) കുട്ടികളുടെ അവകാശസംരക്ഷണത്തിന് ആഭ്യന്തരവകുപ്പ് മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

എ) യും ബി) യും സി) യും സംസ്ഥാനത്ത് ഫോർട്ട് പോലീസ് സ്റ്റേഷൻ (തിരുവനന്തപുരം സിറ്റി), കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ (കൊല്ലം സിറ്റി), കടവന്ത്ര പോലീസ് സ്റ്റേഷൻ (എറണാകുളം സിറ്റി), തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ (തൃശ്ശൂർ സിറ്റി), കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷൻ (കോഴിക്കോട് സിറ്റി), കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ (കണ്ണൂർ) എന്നീ 6 പോലീസ് സ്റ്റേഷനുകളെയാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റി നാമകരണം ചെയ്തിരിക്കുന്നത്. രൂപത്തിലും ഭാവത്തിലും ഘടനയിലും ഒരു ശിശുസൗഹൃദ പ്രവർത്തനവും അന്തരീക്ഷവും ഒരുക്കുകയെന്നുള്ളതാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

കുട്ടികളുടെ പരിചരണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ഇതുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റ് സർക്കാരിതര സംഘടനകൾ, പൊതുസമൂഹം എന്നിവയുടെ ഒരു കൂട്ടായ്മ ഒരുക്കൽ, ശിശുസൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കെട്ടിടം, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും മാനസികാവസ്ഥയെക്കുറിച്ചും വിശദമായ പരിശീലനം ലഭിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ താമസംവിനായുള്ള ശക്തമായ നടപടി എടുക്കൽ എന്നിവയും ഇതിന്റെ

ഉദ്ദേശ്യങ്ങളാണ്. താരതമ്യേന സ്ഥല സൗകര്യവും സ്റ്റേഷൻ പരിധിയിൽ കൂടുതൽ വിദ്യാർത്ഥി സാന്നിദ്ധ്യവും ഉള്ള പോലീസ് സ്റ്റേഷനുകളാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിരിക്കുന്നത്. അതോടൊപ്പം ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥരുടേയും മറ്റുള്ളവരുടേയും പ്രവർത്തനത്തിലെ പ്രത്യേകതകളും ഇതിനെ ശിശുസൗഹൃദമാക്കുന്നു.

| | |
|---|---|
| ഡി) യൂണിസെഫ് പോലുള്ള അന്താരാഷ്ട്ര ഏജൻസികളുമായി സഹകരിച്ച് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്ന് അറിയിക്കുമോ? | ഡി) യൂണിസെഫിന്റെ സഹായത്തോടുകൂടി വളരെ ചിട്ടയാർന്ന വിദഗ്ധ പരിശീലനം ശിശുസൗഹൃദ പോലീസ് സ്റ്റേഷനിലെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൃത്യമായി നടപ്പിലാക്കേണ്ട ഒരു ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം വിശദീകരിക്കുന്ന ഒരു മാന്വൽ തയ്യാറാക്കി എല്ലാ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾക്കും നൽകിയിട്ടുമുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ